# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.43, 28/11/2018-ൽ മറുപടിക്ക്

### 'ഡെപ്യൂട്ടേഷൻ നിയമനത്തിനുള്ള വ്യവസ്ഥകൾ'

| ചോദ്യം<br>ശ്രീ. മഞ്ഞളാംകുഴി അലി എം.എൽ.എ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) | സർക്കാരിന്റെ ഏതെങ്കിലും വകുപ്പിലോ പൊതുമേഖലസ്ഥാപനത്തിലോ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലുള്ള നിയമനത്തിന് ഏതെല്ലാം സ്ഥാപനങ്ങളിലെ ജീവനക്കാർക്കാണ് അർഹതയുള്ളത്. | സർക്കാരിന്,പൊതു താൽപര്യാർത്ഥത്തിലും , എഴുതി രേഖപ്പെടുത്തേണ്ട കാരണങ്ങളാലും ആഫീസർമാരെ ഒരു സർവീസിൽ നിന്നും മറ്റൊരു സർവീസിലേക്കോ അല്ലെങ്കിൽ ഒരേ സർവീസിലുള്ള ഒരു വകുപ്പിൽ നിന്നും മറ്റൊരു വകുപ്പിലേക്കോ ഡെപ്യൂട്ട് ചെയ്യുകയോ ട്രാൻസ്ഫർ ചെയ്യുകയോ അല്ലെങ്കിൽ, ഓരോ കേസിലും സർക്കാരിന് ഉചിതമാകുന്ന അങ്ങനെയുള്ള നിബന്ധനകൾക്ക് വിധേയമായി , ആഫീസർമാരെ മറ്റു സർക്കാരുകളിൽ നിന്നോ അല്ലെങ്കിൽ സ്റ്റാറ്റ്യൂട്ടറി ബോഡികളിൽ നിന്നോ എടുക്കുകയോ അവയിലേക്ക് അയച്ച് കൊടുക്കുകയോ ചെയ്യുന്നതിന് 1958 -ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസസ് റൂൾസ് ഭാഗം 2 ചട്ടം 9 B -യിൽ വ്യവസ്ഥയുണ്ട് . പി.എസ്.സി കൺസൾട്ടേഷൻ ഒഴിവാക്കിയിട്ടില്ലാത്ത കേസുകളിൽ , അത്തരം ഡെപ്യൂട്ടേഷനുകളേയും ട്രാൻസ്ഫറുകളേയും സംബന്ധിച്ച് കമ്മീഷനുമായി കൂടിയാലോചന നടത്തേണ്ടതുമാണ്.<br>1958 -ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസസ് ചട്ടങ്ങൾ ഏതെങ്കിലും പൊതുമേഖലാസ്ഥാപനം പിന്തുടരുന്നുവെങ്കിൽ ഇത്തരം സ്ഥാപനങ്ങളിലും മേൽചട്ടപ്രകാരം ഡെപ്യൂട്ടേഷൻ നിയമനം നടത്താവുന്നതാണ്. സ്വന്തം സർവീസ് ചട്ടങ്ങൾ നിർമ്മിച്ചിട്ടില്ലാത്തതും എന്നാൽ കെ.എസ് & എസ്.എസ്. ചട്ടങ്ങൾ പിന്തുടരാത്തതുമായ സ്ഥാപനങ്ങളിലെ ഡെപ്യൂട്ടേഷൻ സംബന്ധിച്ച് ഭരണസൗകര്യാർത്ഥം സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണ്. |
| (ബി) | സൗത്ത് ഇൻഡ്യൻ ബാങ്കിലെ ഏതെങ്കിലും ജീവനക്കാരന് സർക്കാരിന്റെ ഏതെങ്കിലും വകുപ്പിലോ പൊതുമേഖല സ്ഥാപനത്തിലോ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനത്തിന് അർഹതയുണ്ടോ; എങ്കിൽ ഏത് ചട്ടത്തിലാണ് ഇപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | |

അക്കൗണ്ട്സ് ഓഫീസർ